**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 482** **02-02-2023 - ൽ മറുപടിയ്ക്ക്**

**നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018-19, 2019-20 വർഷത്തെ എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ, നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ, നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി ഒന്നാം ഘട്ടത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 90,42,293/- രൂപയുടെയും രണ്ടാം ഘട്ടത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ 62,04,080/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 22/09/2022- ലെ സ.ഉ (സാധാ)നം 6479/2022/ധന നമ്പർ ഉത്തരവ് പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മുൻകൂറായി തുക അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് വിഭാഗത്തിൽ നിന്ന് 17/05/2023-ലെ നമ്പർ E7-4235/2022/CE/LSGD(9) പ്രകാരം 1,52,46,373/- രൂപയുടെ അലോട്ട്മെന്റ് 17.05.2023-ൽ എലവഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്നും പദ്ധതി എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ? | (ബി) | എം.എൽ.എ. ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ, നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ നാട്ടുവെളിച്ചം സമ്പൂർണ്ണ തെരുവ് വിളക്ക് പദ്ധതി ഒന്നാം ഘട്ടത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 90,42,293/- രൂപയുടെയും രണ്ടാം ഘട്ടത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ 62,04,080/- രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. 22/09/2022- ലെ സ.ഉ (സാധാ)നം 6479/2022/ധന നമ്പർ ഉത്തരവ് പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മുൻകൂറായി തുക അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് വിഭാഗത്തിൽ നിന്ന് 17/05/2023-ലെ നമ്പർ E7-4235/2022/CE/LSGD(9) പ്രകാരം |

| | | | |
|---|---|---|---|
| | | | 1,52,46,373/- രൂപയുടെ അലോട്ട്മെന്റ് 17.05.2023-ൽ എലവഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ